(ഡി) എത്ര രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിന് വേണ്ടി 9.63 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് ആലപ്പുഴ വികസന അതോറിറ്റിയുമായി ചേർന്ന് തയ്യാറാക്കിയത് സർക്കാരിന്റെ പരിഗണനയിലുണ്ട്. കനാലുകൾ നവീകരിക്കുന്നതിനും ഗതാഗതയോഗ്യമാക്കുന്നതിനുംവേണ്ടി 13.10.99-ൽ കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ പ്രോജക്ട് റിപ്പോർട്ടിൽ ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ഈ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ആലപ്പുഴ ഇറിഗേഷൻ വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) മുപ്പത്തിയാറ് (36) ലക്ഷം രൂപ മതിപ്പുചെലവ് വരുന്ന 12 എസ്റ്റിമേറ്റുകൾ ആലപ്പുഴ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ ലഭിച്ചിരുന്നു. എന്നാൽ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധികാരണം അതിൻമേൽ തീരുമാനമെടുക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) ഉണ്ട്. 1252 മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) 18,25,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

81 (1187) ഡാം കനാലുകളുടെ കരയിൽ അനധികൃതമായി നടത്തുന്ന കൃഷി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഡാം കനാലുകളുടെ കരയിൽ അനധികൃതമായി കൃഷി നടത്തിവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലമുള്ള കനാലിലെ കരയിടിച്ചിൽ തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഡാം കനാലുകളിലെ അനധികൃത കൃഷി തടയാൻ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനധികൃതമായി കൃഷി നടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളപ്പോഴെല്ലാം അവരെ ഒഴിപ്പിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സുഗമമായ ജലസേചനം ഉറപ്പാക്കുന്നതിനായി കനാലുകളിൽ സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്.

(സി) അനധികൃത കൃഷി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly